# അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി

## സങ്കീർത്തനം 34:5

**"അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി; അവരുടെ മുഖം ലജ്ജിച്ചുപോയതുമില്ല."**

ജീവിതത്തിലെ വലിയ പ്രതിസന്ധിഘട്ടത്തിൽ നിന്നും തന്നെ വിടുവിച്ച ദൈവത്തിനെ സ്തുതിച്ചു പാടുന്ന ഈ സങ്കീർത്തനത്തിൽ ദൈവസഹായത്തിന്റെ ഒരു നേർക്കാഴ്ച നമ്മെ കാണിച്ചു തരികയാണ് സങ്കീർത്തകനായ ദാവീദ്. വി. വേദപുസ്തകത്തിന്റെ പല ഭാഷാ വിവർത്തനങ്ങൾ എടുത്തു നോക്കിയാൽ അതിൽ നിന്നും ഈ വചനഭാഗത്തെ നമുക്കിപ്രകാരം വായിച്ചെടുക്കുവാൻ സാധിക്കും "അവങ്കലേക്കു സഹായത്തിനായി നോക്കുന്നവർ സന്തോഷത്തോടെ തേജസ്സുള്ളവരാകും; ലജ്ജയുടെ ഒരു നിഴലും അവരുടെ മുഖത്തെ ഇരുട്ടാക്കുകയില്ല." നമുക്കറിയാം ഒരാൾ സൂര്യനിലേക്കു നോക്കുമ്പോൾ സൂര്യനിൽ നിന്നുമുള്ള പ്രകാശ രശ്മികൾ നിമിത്തം നോക്കുന്ന ആളുടെ മുഖം പ്രകാശിക്കുന്നു എന്ന്. ആരാണ് നമ്മുടെ കർത്താവ്? അവൻ പ്രകാശിച്ചു നിൽക്കുന്ന ഉദയസൂര്യനത്രേ. അങ്ങനെയെങ്കിൽ നിത്യം അവന്റെ മുഖത്തേക്കു നോക്കുന്നവർ അവന്റെ തേജസ്സിൽ പ്രകാശിതരായി നിൽക്കും.

സങ്കീർത്തനം 146:3 ൽ ഇപ്രകാരം വായിക്കുന്നു "നിങ്ങൾ പ്രഭുക്കന്മാരിൽ ആശ്രയിക്കരുത്, സഹായിപ്പാൻ കഴിയാത്ത മനുഷ്യപുത്രനിലും അരുത്." നമുക്കാർക്കും തന്നെ സ്വന്തം കാലിൽ നിൽക്കുവാൻ ത്രാണിയില്ലാത്തവരാണ്. അടുത്ത നിമിഷം എന്താണ് നമ്മുടെ ജീവിതത്തിൽ സംഭവിക്കുക എന്നത് നമുക്ക് ഒരു ഉറപ്പും ഇല്ലാത്ത കാര്യവുമാണ്. ഓരോ നിമിഷവും ഈ ഭൂപരപ്പിൽ ജീവിക്കണമെങ്കിൽ നമുക്ക് മറ്റു സഹായങ്ങൾ കൂടിയേ തീരൂ എന്നും നാം അറിയുന്നു. നാം സഹായത്തിനായി ഈ ലോകമനുഷ്യരുടെ മുഖത്തേക്കു നോക്കിയാൽ ഒരു പക്ഷെ ലജ്ജിച്ചു പോയി എന്നു വരാം. എന്നാൽ ദൈവമക്കളെ സംബന്ധിച്ചിടത്തോളം അവർക്കു സഹായം വരുന്ന ഒരു ഉറവിടം ഉണ്ട്. ആ ഉറവിടമത്രേ നമ്മുടെ യേശുകർത്താവ്. തിരുവചനം ഇപ്രകാരം പറയുന്നു (എബ്രായർ 2:18) "താൻ തന്നേ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ കഴിവുള്ളവൻ ആകുന്നു." നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിലെ സകല കാര്യങ്ങൾക്കും, നമ്മുടെ കർത്താവ് സഹായിപ്പാൻ കഴിവുള്ളവനെങ്കിൽ പിന്നെ നാം എന്തിനു ഈ ഭൂമിയിലുള്ള മറ്റുള്ളവരുടെ മുഖം അന്വേഷിക്കണം.

പ്രിയമുള്ളവരേ നാം നമ്മുടെ യേശുകർത്താവിന്റെ മുഖത്തേക്കു നോക്കുവാൻ തയ്യാറായാൽ അവന്റെ സഹായം നമുക്കു ലഭിക്കുന്നു എന്നു മാത്രമല്ല, നമുക്കു സന്തോഷവും, നാം അവന്റെ തേജസ്സുറ്റവരുമായിത്തീരും. ഇതെത്ര സൗഭാഗ്യം നിറഞ്ഞ അനുഭവമാണ്. നീതിസൂര്യനായ യേശുകർത്താവിന്റെ തേജസ്സ്, നമ്മുടെ മുഖത്ത് പ്രകാശിക്കുമ്പോൾ നമ്മെ കാണുന്ന മറ്റുള്ളവർ, യേശുവിന്റെ തേജസ്സ് നമ്മുടെ മുഖത്ത് കാണുന്നു. അങ്ങനെ നമ്മെ കാണുന്നവർ പറയട്ടെ, നാം യേശുകർത്താവിനാൽ അനുഗ്രഹിക്കപ്പെട്ടവർ എന്ന്. എന്നാൽ നിത്യം നാം ലജ്ജിച്ചു, തല താഴ്ത്തി ഇരിക്കുവാനാണ് പിശാചിനിഷ്ടം, കാരണം അങ്ങനെയായാൽ നമ്മിൽ കൂടി ദൈവത്തിന്റെ പദ്ധതികളൊന്നും നടപ്പാകുകയില്ല. ജീവിതത്തിൽ പ്രശ്നങ്ങളും, പ്രതിസന്ധികളും, പരീക്ഷകളും, പ്രലോഭനങ്ങളും കടന്നു വരുമ്പോൾ, യേശു കർത്താവ് എന്ന ഒരൊറ്റ വ്യക്തിയെമാത്രം നമുക്ക് നോക്കാം; ലജ്ജയുടെ ഒരു നിഴലും നമ്മുടെ മുഖത്തെ ഇരുളാക്കുവാൻ നമ്മുടെ കർത്താവ് സമ്മതിക്കുകയില്ല. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം:**

എബ്രായർ 12:2

വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 189